(ബി) സ്കോളർഷിപ്പ് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് കൊടുത്തുതീർക്കും എന്ന് വിശദമാക്കുമോ;

(സി) ഓരോ വിദ്യാർത്ഥിനിയ്ക്കും നൽകുന്ന സ്കോളർഷിപ്പ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കഴിവതും വേഗം കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്.

(സി) യു. പി. സ്ക്കൂൾ വിദ്യാർത്ഥിനികൾക്ക് 75 രൂപ നിരക്കിലും ഹൈസ്ക്കൂൾ വിദ്യാർത്ഥിനികൾക്ക് 100 രൂപ നിരക്കിലും പ്രതിവർഷം സ്കോളർഷിപ്പ് അനുവദിക്കുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗം തടയാൻ നടപടി

100 [699] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ വിദ്യാർത്ഥികളിലുണ്ടാക്കിയിട്ടുള്ള മൂല്യശോഷണത്തെക്കുറിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) സിനിമാറ്റിക് ഡാൻസ്, ഫാഷൻഷോ തുടങ്ങിയവ വിദ്യാലയങ്ങളിൽ നിരോധിക്കുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും (സി) യും വിവരസാങ്കേതിക രംഗത്തെ അഭൂതപൂർവ്വമായ വളർച്ച, നമ്മുടെ സദാചാര മൂല്യങ്ങളെയും സംസ്കാരത്തെയും പ്രതികൂലമായി ബാധിക്കുന്ന ചില പ്രവണതകൾ വിദ്യാർത്ഥികൾക്കിടയിൽ വളർന്നുവരാനിടയാക്കിയിട്ടുണ്ട്. ഇന്റർനെറ്റും ക്യാമറ സംവിധാനമുള്ള മൊബൈൽ ഫോണുകൾ ഉപയോഗിച്ചും ഗുരുതരമായ സൈബർ കുറ്റങ്ങൾ യുവാക്കൾക്കിടയിൽ വളർന്നു വരുന്നുണ്ട്. വിദ്യാലയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ ഫോണുകളുടെ ഉപയോഗം നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചും അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസ്, ഫാഷൻഷോ എന്നിവ നിരോധിക്കുന്നതിനെക്കുറിച്ച് അഭിപ്രായസമന്വയം ഉണ്ടാക്കുന്നതിനായി വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം വദ്യാഭ്യാസമന്ത്രി വിളിച്ചു ചേർത്തിരുന്നു. വിവിധ തലങ്ങളിൽ നടത്തുന്ന ഇത്തരം ചർച്ചകളിലും കൂടിയാലോചനകളിലും ഉരുത്തിരിയുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതു സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്കൂളുകളിൽ സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തിക നിറുത്തലാക്കിയ നടപടി

101 [700] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ എത്ര സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തിക നിർത്തലാക്കിയിട്ടുണ്ട്; നിറുത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ. ;

(ബി) എയിഡഡ് സ്കൂളുകളിൽ ഈ വർഷം എത്ര സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 503 സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിറുത്തലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ് മൂലവും പിരേഡ് കുറവു മൂലവുമാണ് തസ്തികകൾ നിർത്തലാക്കേണ്ടിവന്നത്.

(ബി) 84.

സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്ന പദ്ധതി

102 [701] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly